بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**03-04-2026**

# തൗഹീദ്:
# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

*തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവ ഓതിയ ശേഷംഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) പ്രതിപാദിച്ചു:*

ലോകത്ത് തൗഹീദ് സ്ഥാപിക്കുന്നതിനായി നബിതങ്ങൾ(സ)ക്കുണ്ടായിരുന്ന വേദന, പരിശ്രമം, ധൈര്യം എന്നിവയെക്കുറിച്ചും ശിർക്കിന്റെ എല്ലാ വശങ്ങൾക്കുമെതിരെ ഉറച്ച ശിലയെപ്പോലെ നിലകൊള്ളുന്നതിനെക്കുറിച്ചും ഓരോ ജനതയുടെയും ശിർക്ക് ചിന്തകൾക്കും അധ്യാപനങ്ങൾക്കും എതിരെ സത്യം പ്രസ്താവിക്കുന്നതിനെക്കുറിച്ചും നാം മുമ്പും കേൾക്കുകയുണ്ടായി.

ഇതിനെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: ആയിരക്കണക്കിന് അപകടങ്ങൾ ഉണ്ടാകുകയും ലക്ഷക്കണക്കിന് ശത്രുക്കളും തടസ്സക്കാരും ഭയപ്പെടുത്തുന്നവരും എഴുന്നേൽക്കുകയും ചെയ്തിട്ടും നബിതങ്ങൾ(സ) തന്റെ പ്രവാചകത്വവാദത്തിൽ ആദ്യന്തം എത്രത്തോളം നിശ്ചയദാർഢ്യത്തോടെയാണ് ഉറച്ചുനിന്നതെന്ന് ചിന്തിക്കേണ്ടതുണ്ട്.

അദ്ദേഹം പ്രസ്താവിക്കുന്നു: സത്യം പ്രസ്താവിക്കുന്നതിൽ എത്രത്തോളം വ്യക്തതപുലർത്തിയിരുന്നുവെന്നാൽ തൗഹീദ് പ്രബോധിച്ചുകൊണ്ട് എല്ലാ ജനതകളെയും എല്ലാവിഭാഗങ്ങളെയും ശിർക്കിൽ മുഴുകിയിരുന്ന ലോകത്തെ മുഴുവൻ ആളുകളെയും ശത്രുക്കളാക്കി മാറ്റി... നബിതങ്ങൾ(സ) പെട്ടെന്ന് തന്നെ സ്വന്തക്കാരോടും അന്യരോടും ഒരുപോലെ ബന്ധം വഷളാക്കിയതും അക്കാലത്ത് ലോകത്തിന് ഏറ്റവും വെറുപ്പുള്ള കാര്യമായിരുന്ന തൗഹീദിനെ മുറുകെ പിടിച്ചതും ഏത് ലൗകിക താത്പര്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് ചിന്തിക്കേണ്ടതുണ്ട്. തൗഹീദ് കാരണം നൂറുകണക്കിന് പ്രയാസങ്ങൾ വന്നുചേരുകയും ജീവൻപോലും അപായത്തിലാവാനും സാധ്യതയുണ്ടായിരുന്നു. ഇതുകൂടാതെ വിവേകിയായ ഒരു മനുഷ്യൻ ഈ സാഹചര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, യഥാർഥത്തിൽ ഒരു വലിയ ഉന്നതശീർഷനായ ദൈവിക പരിഷ്കർത്താവും വാനലോകത്തുനിന്നുള്ള മാർഗദർശിയും വരണമെന്നത് നബിതങ്ങൾ(സ) നിയോഗിക്കപ്പെട്ട കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു എന്ന്കാണാം. നല്കപ്പെട്ടഅധ്യാപനങ്ങളാകട്ടെ യഥാർഥത്തിൽ സത്യമായതും അത്യന്താപേക്ഷിതവുമായ ഒന്നായിരുന്നു... മോക്ഷത്തിന്റെ ആധാരമായ തൗഹീദ് ഏത് ഗ്രന്ഥം വഴിയാണ് ലോകത്ത് ഏറ്റവും കൂടുതൽ പ്രചരിച്ചതെന്ന് ആരെങ്കിലും ഒന്ന് പറഞ്ഞുതന്നാലും! ബൈബിൾ വഴി തൗഹീദ് പ്രചരിപ്പിക്കപ്പെട്ട ഒരു നാടും കാണാൻ സാധ്യമല്ല. അവർ പറയുന്നതനുസരിച്ച്, ആ സാങ്കൽപ്പിക സ്വർഗം യൂറോപ്പിലെ രണ്ട് വലിയ ജനതക

ളായ ഇംഗ്ലീഷുകാർക്കും റഷ്യക്കാർക്കുമായി പകുത്തു നല്കപ്പെട്ടിരുന്നു. ഇപ്പോൾ ഇതിൽ മറ്റ് വലിയ രാജ്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അമേരിക്കക്കാരും ഇത് പറയുന്നുണ്ട്, എന്ന് തന്നെയല്ല മസീഹിന്റെ രണ്ടാം വരവ് ഒരുപക്ഷേ അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ രൂപത്തിലായിരിക്കും എന്ന് വരെ പറയപ്പെടുന്നു. ഇന്നാലില്ലാഹ്. എല്ലാ ഏകദൈവവിശ്വാസികളും നരകത്തിൽ തള്ളപ്പെടുമെന്നും അവർ കരുതുന്നു. ഇന്ന് ഭൂമുഖത്ത് തൗഹീദ് എന്ന് പേരുള്ള ആ സംഗതി നബിതങ്ങൾ(സ)യുടെ ഉമ്മത്തിലല്ലാതെ മറ്റൊരു വിഭാഗത്തിലും കാണപ്പെടുന്നില്ല. കോടിക്കണക്കിന് സൃഷ്ടികളെ അല്ലാഹുവിന്റെ ഏകത്വത്തിൽ ഉറപ്പിച്ചുനിർത്തുന്നതും പൂർണമായ ആദരവോടെ ആ സത്യദൈവത്തിലേക്ക് വഴിനടത്തുന്നതുമായി ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥത്തിന്റെ അടയാളവും കാണുന്നില്ല. ഓരോ ജനതയും അവരവരുടെ കൃത്രിമ ദൈവങ്ങളെ ഉണ്ടാക്കി വച്ചിരിക്കുന്നു. എന്നാൽ മുസ്‌ലീങ്ങളുടെ ദൈവം പണ്ടുമുതലേ നാശമില്ലാത്തവനും മാറ്റമില്ലാത്തവനും തന്റെ അനാദിയായ ഗുണവിശേഷങ്ങളിൽ മുമ്പുണ്ടായിരുന്നതുപോലെ തന്നെ ഇന്നും നിലകൊള്ളുന്നവനുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

സമസ്ത ജനങ്ങളും യഥാർഥ തത്ത്വങ്ങൾ ഉപേക്ഷിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് നബിതങ്ങൾ(സ) നിയോഗിക്കപ്പെട്ടത് എന്ന് ഖുർആൻ പലയിടങ്ങളിലും വളരെ വ്യക്തതയോടെ പരാമർശിച്ചിട്ടുണ്ട്. ലോകമെമ്പാടും വഴിപിഴച്ച അവസ്ഥയും സൃഷ്ടിപൂജയും വ്യാപിക്കുകയും സ്വിറാത്വുൽ മുസ്തഖീം (നേരായ പാത) മറന്നുകളഞ്ഞ് ഓരോ വിഭാഗവും വെവ്വേറെ ബിദ്അത്തുകളുടെ (അനാചാരങ്ങൾ) മാർഗം സ്വീകരിച്ചിരുന്നു. അറേബ്യയിൽ വിഗ്രഹാരാധന അതിന്റെ ഉച്ചസ്ഥായിയിലായിരുന്നു. പേർഷ്യയിൽ അഗ്നി ആരാധനയുടെ വിപണി സജീവമായിരുന്നു. ഹിന്ദിൽ (ഇന്ത്യ) വിഗ്രഹാരാധനയ്ക്ക് പുറമെ നൂറുകണക്കിന് തരത്തിലുള്ള സൃഷ്ടിപൂജകൾ പടർന്നിരുന്നു...അതിനാൽ നബിതങ്ങൾ(സ) ഇത്തരമൊരു സർവവ്യാപകമായി വഴിപിഴച്ച കാലത്ത് നിയോഗിക്കപ്പെടുക എന്നത്, അതായത് അന്നത്തെ നിലവിലുള്ള അവസ്ഥ തന്നെ ഒരു ഉന്നതനായ വൈദ്യനെയും പരിഷ്കർത്താവിനെയും ആഗ്രഹിച്ചിരുന്നതും ദൈവിക മാർഗനിർദേശത്തിന് അങ്ങേയറ്റം ആവശ്യകത ഉണ്ടായിരുന്നതുമായ സമയമായിരുന്നു. അക്കാലത്ത് ആഗതനായിക്കൊണ്ട് ഒരു ലോകത്തെ മുഴുവൻ  തൗഹീദ് കൊണ്ടും സത്കർമ്മങ്ങൾ കൊണ്ടും പ്രകാശിപ്പിക്കുകയും എല്ലാ തിന്മകളുടെയും മാതാവായ ശിർക്കിനെയും സൃഷ്ടിപൂജയെയും വേരോടെ പിഴുതെറിയുകയും ചെയ്തത് നബിതങ്ങൾ(സ) അല്ലാഹുവിന്റെ സത്യസന്ധനായ റസൂലും എല്ലാ റസൂൽമാരിലും ശ്രേഷ്ഠനുമായിരുന്നു എന്നതിന് വ്യക്തമായ തെളിവാണ്...അപ്രകാരം തന്നെ ജനങ്ങൾ അല്ലാഹുവിന്റെ മാർഗം മറന്നുപോകുകയും തൗഹീദും സത്യപന്ഥാവും ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ, കടന്നുകൂടിയ അപാകതകൾ പരിഹരിക്കുന്നതിനായി അല്ലാഹു തന്റെ പക്കൽ നിന്നും ഒരു ദാസന് പൂർണമായ ഉൾക്കാഴ്ച നല്കി തന്റെ കലാം (വചനം) കൊണ്ടും ഇൽഹാം (ദിവ്യബോധനം) കൊണ്ടും ആദരിച്ച് മനുഷ്യവംശത്തിന്റെ മാർഗനിർദേശത്തിനായി അയക്കുന്നു. ഇതിലെ യഥാർഥ വസ്തുത ഇതാണ്, ലോകത്തെ നിലനിർത്തുന്ന ഖയ്യൂം ആയ പരിപാലകൻ, ആരുടെ പിന്തുണയാലും ആശ്രയത്താലുമാണോ ലോകത്തിന്റെ നിലനിൽപ്പും അസ്തിത്വവും ദൃഢമായിരിക്കുന്നത്, അവൻ(അല്ലാഹു) തന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്ന ഗുണവിശേഷത്തെ സൃഷ്ടികളിൽ നിന്ന് തടഞ്ഞുവയ്ക്കുകയോ പ്രയോജനമില്ലാത്തവിധം ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല. മറിച്ച് അവന്റെ ഓരോ ഗുണവിശേഷവും അതിന്റെ സന്ദർഭത്തിൽ ഉടനടി വെളിപ്പെടുന്നു. ഈ കാലഘട്ടത്തിൽ, അല്ലാഹുവിന്റെ വാഗ്ദാന പ്രകാരം തൗഹീദ് പുനഃസ്ഥാപിക്കുന്നതിനായി നബിതങ്ങളുടെ സത്യസന്ധനായ അനുരാഗിയെ അല്ലാഹുനിയോഗിച്ചിരിക്കുന്നത് നാം കാണുന്നു. കാരണം, വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) നബിങ്ങളുടെ അധ്യാപനങ്ങളുടെയും ചര്യകളുടെയും പ്രായോഗിക മാതൃകയായിരുന്നു. തന്റെ യജമാനനെ പിന്തുടർന്ന്

അല്ലാഹുവിന്റെ ഏകത്വം പ്രചരിപ്പിക്കണമെന്ന അതിയായ ആഗ്രഹം ആ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്നു. അദ്ദേഹത്തിന്റെ രചനകളിലും പ്രായോഗിക ജീവിതത്തിലും ഇതിന് ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാം. അവയിൽ ചിലത് ഞാൻ വിവരിക്കാം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

അല്ലാഹുവിന് എന്നോടുള്ള പെരുമാറ്റവും അതിശയിപ്പിക്കുന്നതാണ്. 'നീ എന്നിൽ നിന്ന് എന്റെ തൗഹീദിന്റെയും തഫ്രീദിന്റെയും (ഏകത്വത്തിനും അദ്വിതീയതയ്ക്കും) സ്ഥാനത്താകുന്നു' എന്ന നമുക്ക് ലഭിച്ച ഇൽഹാം തികച്ചും പുതിയൊരു ശൈലിയിലുള്ളതാണ്. ഇതിനുമുമ്പ് ഒരു ഇൽഹാമിലും ഇത്തരമൊരു വാചകം നാം കണ്ടിട്ടില്ല. ഇതിന്റെ അർഥമായി നമുക്ക് തോന്നുന്നത് ഇതാണ്: ലോകത്ത് അല്ലാഹുവിന്റെ ഏകത്വം അങ്ങേയറ്റം അവഹേളിക്കപ്പെടുകയും അത് തികഞ്ഞ അവജ്ഞയോടെ വീക്ഷിക്കപ്പെടുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ നിയോഗിക്കപ്പെടുന്ന വ്യക്തി തൗഹീദിന്റെ സ്ഥാനത്താണ് എന്നാണ്. അത്തരം സന്ദർഭത്തിൽ വരുന്നയാൾ തൗഹീദിന്റെ മൂർത്തരൂപമായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ശിർക്കിനെക്കുറിച്ചും അതിന്റെ സൂക്ഷ്മമായ വശങ്ങളെക്കുറിച്ചും പരാമർശിച്ചുകൊണ്ട് പ്രസ്താവിക്കുന്നു:

എല്ലാത്തരം ശിർക്കുകളിൽ നിന്നും വിട്ടുനിൽക്കേണ്ടതുണ്ട്.സൂര്യനെയോ ചന്ദ്രനെയോ ആകാശത്തിലെ നക്ഷത്രങ്ങളെയോ കാറ്റിനെയോ തീയെയോ വെള്ളത്തെയോ ഭൂമിയിലെ മറ്റേതെങ്കിലും വസ്തുക്കളെയോ ആരാധിക്കരുത്. ലൗകിക മാർഗങ്ങൾക്ക് അവ അല്ലാഹുവിന്റെ പങ്കുകാരാണെന്ന വിധത്തിൽ അമിതമായ ആദരവ് നല്കുകയോ അവയിൽ ഭരമേൽപ്പിക്കുകയോ ചെയ്യരുത്. സ്വന്തം കഴിവിനെയും പരിശ്രമത്തെയും ഒരു വലിയ കാര്യമായി കരുതരുത്, ഇതും ശിർക്കിന്റെ ഇനങ്ങളിൽപ്പെട്ട ഒന്നാണ്. മറിച്ച് എല്ലാം ചെയ്തുകഴിഞ്ഞാലും ഞങ്ങൾ ഒന്നും ചെയ്തിട്ടില്ല എന്ന് കരുതണം. സ്വന്തം അറിവിൽ അഹങ്കരിക്കുകയോ സ്വന്തം പ്രവൃത്തിയിൽ അഭിമാനിക്കുകയോ ചെയ്യരുത്. പകരം സ്വയം യഥാർഥത്തിൽ അറിവില്ലാത്തവനായും മടിയനായും കണക്കാക്കി അല്ലാഹുവിന്റെ സന്നിധിയിൽ എപ്പോഴും വിനീതനായിരിക്കണം. എല്ലാം ചെയ്തുകഴിഞ്ഞാലും അല്ലാഹുവിന്റെ മുമ്പിൽ കുനിയുക, അല്ലാഹുവേ നിന്റെ അനുഗ്രഹം കൊണ്ട് മാത്രമേ എല്ലാം സംഭവിക്കൂ എന്നും എല്ലാ ഫലങ്ങളും ഉണ്ടാകൂ എന്നും കരുതുക. മനുഷ്യന്റെ അറിവ് ഏതെങ്കിലും ഒരു ഗുരുവിനെ ആശ്രയിച്ചിരിക്കുന്നതാണ്, കൂടാതെ അത് പരിമിതവുമാണ്. എന്നാൽ അല്ലാഹുവിന്റെ അറിവ് ആരെയും ആശ്രയിച്ചിരിക്കാത്തതാണ്.

ഇന്നത്തെ കാലത്തെ സ്വാധീനം കാരണം ചിലപ്പോൾ കുട്ടികളും ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കാറുണ്ട്. അല്ലാഹുവിനെ ആരാണ് സൃഷ്ടിച്ചത്? അല്ലാഹു എവിടെ നിന്ന് വന്നു? എന്നിങ്ങനെ അവർ ചോദിക്കാറുണ്ട്. മുതിർന്നവർ പറഞ്ഞു കൊടുക്കുന്നതോ അല്ലെങ്കിൽ സ്വന്തം നിലയിൽ അവരുടെ ചിന്തയിൽ വരുന്നതോ ആകാം ഈ ചോദ്യങ്ങൾ. എന്നാൽ അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ അപ്രകാരമാണ്; അവൻ എന്നെന്നും ഉള്ളവനാണ്, എന്നും നിലനിൽക്കുന്നവനുമാണ്. അവൻ അനാദ്യനും അനന്തനുമാണ്. അതുകൊണ്ടു തന്നെ അവൻ എല്ലാവരെയും പടച്ചവനാണ്, അവനെ ആരും സൃഷ്ടിച്ചിട്ടില്ല. സ്വയം നിലനിൽക്കുന്ന ഒന്നാമത്തെയും അവസാനത്തെയും ശക്തി എന്ന സങ്കൽപ്പം അല്ലാഹു മാത്രമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ഓർക്കുക, അല്ലാഹു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതും നമ്മുടെ മോക്ഷത്തിന് ആധാരവുമായ യഥാർഥ തൗഹീദ് എന്നത് ഇതാണ്: അല്ലാഹുവിന്റെ സത്തയിൽ വിഗ്രഹങ്ങൾ, മനുഷ്യർ, സൂര്യചന്ദ്രന്മാർ, സ്വേച്ഛകൾ, തന്ത്രങ്ങൾ, വഞ്ചനകൾ തുടങ്ങിയ ഒന്നിനെയും അല്ലാഹുവിന് പങ്കാളിയാക്കാതെ അവനെ പരിശുദ്ധനായി കാണുക. അല്ലാഹുവിന് എതിരായി മറ്റൊരു സർവശക്തനെയോ, മറ്റൊരു ഉപജീവനം നല്കുന്നവനെയോ (റാസിഖ്), മറ്റൊരു അഭിമാനമോ അപമാനമോ നൽകുന്നവനെയോ കരുതരുത്. മറ്റാരെയും സഹായിയോ തുണയോ ആയി കാണരുത്. രണ്ടാമതായി, തന്റെ സ്നേഹവും, ആരാധനയും, വിനയവും, പ്രതീക്ഷ

കളും, ഭയവും അല്ലാഹുവിൽ മാത്രം പരിമിതപ്പെടുത്തുക.

ഈ മൂന്ന് കാര്യങ്ങൾ ഇല്ലാതെ തൗഹീദ് പൂർണമാകുകയില്ല:

1. സത്തയിലുള്ള തൗഹീദ്: അതായത്, അല്ലാഹുവിന്റെ അസ്തിത്വത്തിന് മുന്നിൽ ബാക്കിയുള്ള എല്ലാത്തിനെയും അസ്തിത്വമില്ലാത്തതായി കരുതുക.

2. ഗുണവിശേഷങ്ങളിലുള്ള തൗഹീദ്: രക്ഷിതാവ് എന്ന പദവിയും (റുബൂബിയ്യത്ത്), ആരാധനയ്ക്കർഹൻ എന്ന പദവിയും (ഉലൂഹിയ്യത്ത്) അല്ലാഹുവിനല്ലാതെ മറ്റാർക്കും നല്കാതിരിക്കുക.

3. സ്നേഹത്തിലും ആത്മാർഥതയിലുമുള്ള തൗഹീദ്: അതായത്, സ്നേഹം പോലെയുള്ള ആരാധനയുടെ അടയാളങ്ങളിൽ മറ്റാരെയും അല്ലാഹുവിന് പങ്കുകാരനാക്കാതെ അവനിൽ ലയിച്ചുചേരുക.

പിന്നീട് ആ മഹാത്മാവ് പ്രസ്താവിക്കുന്നു: ഒരു നിസ്സഹായനായ മനുഷ്യനെ ദൈവമാക്കുന്നഈകള്ളപ്രചാരണംകാരണംആകാശങ്ങൾ പൊട്ടിപ്പിളരാൻ തുടങ്ങിയിരിക്കുന്നു എന്ന് ഖുർആനിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ഈ വേദനയാൽ എന്റെ അവസ്ഥ ഇതാണ്; മറ്റുള്ളവർ സ്വർഗം ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ സ്വർഗം എന്നത്, എന്റെ ജീവിതകാലത്ത് ഈ ശിർക്കിൽ നിന്ന് മനുഷ്യർ മോചനം നേടുന്നതും ദൈവത്തിന്റെ മഹിമ വെളിപ്പെടുന്നതും കാണുക എന്നതാണ്. എന്റെ ആത്മാവ് എപ്പോഴും പ്രാർത്ഥിക്കുന്നു: എന്റെ ദൈവമേ, ഞാൻ നിന്റെ പക്ഷത്തുനിന്നുള്ളവനാണെങ്കിൽ, നിന്റെ അനുഗ്രഹത്തിന്റെ തണൽ എന്നോടൊപ്പമുണ്ടെങ്കിൽ, ഹദ്റത്ത് ഈസാമസീഹ് (അ)ന് മേൽ ചുമത്തപ്പെട്ട, അദ്ദേഹം ദൈവത്വം വാദിച്ചു എന്ന (നഊദുബില്ലാഹ്) വ്യാജാരോപണം നീക്കം ചെയ്യപ്പെടുന്ന ആ ദിവസം എനിക്ക് കാണിച്ചുതരേണമേ. ഒരു കാലഘട്ടം കടന്നുപോയിരിക്കുന്നു, എന്റെ അഞ്ചു നേരത്തെ പ്രാർത്ഥനകളും ഇതുതന്നെയാണ്; അല്ലാഹു ഈ ആളുകൾക്ക് ഉൾക്കാഴ്ച നല്കട്ടെ, അവർ അവന്റെ ഏകത്വത്തിൽ വിശ്വസിക്കട്ടെ, അവന്റെ റസൂലിനെ തിരിച്ചറിയട്ടെ, ത്രിത്വ വിശ്വാസത്തിൽ നിന്ന് തൗബ ചെയ്യട്ടെ.

ക്രൈസ്തവത പ്രായോഗികമായി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ത്രിത്വമെന്ന സിദ്ധാന്തം കേവലം ഗ്രന്ഥങ്ങളിലെ സിദ്ധാന്തം മാത്രമായി അവശേഷിച്ചിരിക്കുകയാണ്. യൂറോപ്പിൽ പ്രത്യേകിച്ച് അത് പ്രാവർത്തികമാക്കുന്നവർ വളരെ കുറവാണ്. ആഫ്രിക്കയിലും സൗത്ത് അമേരിക്കയിലും ഇപ്പോഴുമുണ്ട്. എന്നാൽ ത്രിത്വസിദ്ധാന്തം ഉപേക്ഷിക്കുന്നവർ പോലും ഏകനായ ദൈവത്തെ അംഗീകരിക്കുന്നില്ല. അതിനാൽ തൗഹീദിൽ ഉറപ്പിച്ചുനിർത്തുന്നതിനായി ഈ സന്ദേശം എത്തിക്കാൻ നമ്മളാൽ കഴിയുന്നത്ര പരിശ്രമിക്കേണ്ടതുണ്ട്. ഏതൊരു ലക്ഷ്യം പൂർത്തീകരിക്കാനാണോ അല്ലാഹു നബിതങ്ങളെ അയച്ചത്, ഏതൊരു തൗഹീദിന്റെ അധ്യാപനമാണോ നബിതിരുമേനി(സ) പ്രഖ്യാപിച്ചത്, ആ യഥാർത്ഥ തൗഹീദ് ജീവിതത്തിൽ പകർത്തുന്നവരും അത് ലോകത്ത് പ്രചരിപ്പിക്കുന്നവരും ആയിരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. കാരണം ഇനി മനുഷ്യകുലത്തിന്റെ നിലനിൽപ്പിന് ഇതാണ് ഏക പോംവഴി. അല്ലാഹു നമുക്ക് ഇതിന് തൗഫീഖ് നല്കട്ടെ.

നമസ്കാരത്തിന് ശേഷം ഞാൻ രണ്ട് ജനാസ ഗായിബ് നമസ്ക്കരിപ്പിക്കും. ഒന്ന്, സിയാൽകോട്ട് ജില്ലയിലെ മുൻഅമീറായിരുന്ന ഖാജ സഫർ അഹ്മദ് സാഹിബിന്റേതാണ്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് (പാപമോചനം) നല്കി അനുഗ്രഹിക്കട്ടെ. രണ്ടാമതായി പരാമർശിക്കുന്നത് ബുർക്കിനാ ഫാസോയിലെ തദ്ദേശീയ അഹ്മദിയായ ഇസ്രാഗോ ഹലിദോ സാഹിബിനെ കുറിച്ചാണ് അല്ലാഹു അദ്ദേഹത്തിനും മഗ്ഫിറത്തും റഹ്മത്തും നല്കി അനുഗ്രഹിക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 03.04.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY  AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516